LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

212(1197) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോൾ പ്ലാസകളിലെ വാഹനത്തിരക്ക് ഒഴിവാക്കാൻ ദേശീയപാതാ അതോറിറ്റി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

&

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ദേശീയ പാതകളിലെ ടോൾ പ്ലാസയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ 100% ഫാസ്റ്റാഗ് സമ്പ്രദായം 16-2-2021 മുതൽ നടപ്പിലാക്കിവരുന്നു. പാലിയേക്കര, പാമ്പാമ്പള്ളം, കമ്പളം ബൈപ്പാസ്, കൊല്ലം ബൈപ്പാസ് എന്നീ ടോൾ പ്ലാസകളിൽ 100% ഫാസ് ടാഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ നടപ്പാക്കിയ ഫാസ് ടാഗ് സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

2021 ഫെബ്രുവരി മുതൽ എല്ലാ വാഹനങ്ങൾക്കും ഫാസ് ടാഗ് നിർബന്ധമാക്കിയിട്ടുണ്ട്. സ്വമേധയാലുള്ള ടോൾ പ്രവർത്തനവുമായി താരതമ്യം ചെയ്യുമ്പോൾ 100% ഫാസ് ടാഗ് സമ്പ്രദായം വാഹനങ്ങൾ കടന്നു പോകാനുള്ള സമയം നല്ല രീതിയിൽ കുറയ്ക്കുന്നതിന് സഹായകരമാണ്.

സി.എൻ.ജി. ബസ്സുകൾ

213(1198) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- ബസ്സുകളെ സി.എൻ.ജി.- ബസ്സുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. പരിസ്ഥിതിക്ക് ഇണങ്ങിയതും ചിലവ് കുറഞ്ഞതുമായ ഇന്ധന ഉപയോഗത്തിലേയ്ക്ക് KSRTC വാഹനങ്ങൾ ഘട്ടംഘട്ടമായി മാറ്റുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി. സി.-യുടെ നിലവിലുള്ള 5 ഡീസൽ ബസ്സുകൾ